**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2179</u>** **<u>20-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ക്യാൻസർ രോഗ പ്രതിരോധത്തിനായുള്ള നടപടികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗ പ്രതിരോധത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | (എ) | ജനിതകമായ കാരണങ്ങളാലും ജീവിത ശൈലി കൊണ്ടും പാരിസ്ഥിതികമായ കാരണങ്ങൾ കൊണ്ടും ഉത്ഭവിക്കുന്ന രോഗങ്ങളാണ് വിവിധ തരത്തിലുള്ള കാൻസറുകൾ. ഓരോ കാൻസറിനും ഓരോ തരത്തിലുള്ള കാരണങ്ങളും ലക്ഷണങ്ങളുമാണ് ഉള്ളത്. അതു കൊണ്ട് തന്നെ കാൻസർ പ്രതിരോധ നടപടി ഏറെ സങ്കീർണ്ണവും പൊതുജനാരോഗ്യ പരിപാടിയായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതുമാണ്. എങ്കിലും നേരത്തെ കണ്ടെത്താൻ സാധിക്കുന്നതും കണ്ടെത്തിയാൽ 100% ചികിത്സിച്ച ഭേദമാക്കാൻ പറ്റിയതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം തുടങ്ങിയ ക്യാൻസറുകൾക്കാണ് ആരോഗ്യ വകുപ്പ് പ്രതിരോധത്തിനായി ഊന്നൽ നൽകുന്നത്. ഇതോടൊപ്പം സംസ്ഥാനത്ത് ഇപ്പോൾ വർദ്ധിച്ച വരുന്ന കുടലിലെ കാൻസറും, തൈറോയ്ഡ് കാൻസറും, പ്രോസ്റ്റേറ്റ് കാൻസറും കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇതിനായി പ്രാരംഭദശയിൽ തന്നെ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് നടത്തുന്നതിന് എല്ലാ ജില്ലകളിലും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ ജനസംഖ്യാധിഷ്ഠിതമായി breast, cervical, oral കാൻസറുകൾ കണ്ടെത്തുന്നതിന് പോപ്പുലേഷൻ based screening ഉം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ pre-check സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം കാൻസറുകളുടെ പ്രതിരോധത്തിന് ആവശ്യമായ ആരോഗ്യ ബോധവൽക്കരണ പരിപാടികളും ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. ഭക്ഷണം, പുകവലി, മദ്യപാനം, വ്യായാമം ഇല്ലായ്മ തുടങ്ങി Risk factor ക്കെതിരെയാണ് പ്രധാനമായും ബോധവൽക്കരണ പരിപാടി |

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ചിരിക്കുന്നത്. അതോടൊപ്പം രോഗലക്ഷണങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും താമസംവിനാ പരിശോധിക്കുന്നതിനും ചികിത്സ സ്വീകരിക്കുന്നതിനുമുള്ള ബോധവൽക്കരണ പരിപാടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കാൻസർ രോഗ പ്രതിരോധ നടപടികളുടെ ഭാഗമായി 2021 മുതൽ 2026 വരെ ഒരു സമഗ്ര കാൻസർ ബോധവൽക്കരണം, ആരംഭദശയിലുള്ള രോഗനിർണ്ണയം, സമഗ്ര കാൻസർ ചികിത്സാ പദ്ധതി ഇവ ഉൾക്കൊള്ളിച്ചുകൊണ്ട് ജില്ലാ അടിസ്ഥാനത്തിൽ (District Cancer Control Programme-DCCP) സർക്കാർ തലത്തിൽ നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ പരിശോധിച്ചു വരുന്നു. കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ സമഗ്ര അർബുദ നിയന്ത്രണ പദ്ധതിയായ 'ആശ്വാസ്', കാസർഗോഡ് ജില്ലയിൽ കാൻസർ നേരത്തെ കണ്ടു പിടിക്കുന്നതിനുള്ള ക്ലിനിക്കുകൾ ആരംഭിച്ച പദ്ധതിയായ 'അതിജീവനം', എം.സി.സിയുടെ നേതൃത്വത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കി വരുന്ന 'Aware and Awake' എന്ന ഓൺലൈൻ ബോധവൽക്കരണ പരിപാടി, ആർ.സിസിയുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ ബോധവൽക്കരണ പരിപാടികൾ, ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് കാൻസർ പ്രതിരോധത്തിനും മുൻകൂർ രോഗ നിർണ്ണയത്തിനുമായി പരിശീലിപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടി ട്രയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക എന്നിവ കാൻസർ രോഗ പ്രതിരോധത്തിനായി സംസ്ഥാനത്തു സ്വീകരിച്ചു വരുന്ന പ്രധാന നടപടികളാണ്. |
| (ബി) | ആരംഭദശയിൽ തന്നെ ക്യാൻസർ രോഗം തിരിച്ചറിയുന്നതിന് ആവശ്യമായ പരിശോധനകൾ എല്ലാ താലൂക്ക് ആശുപത്രികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ദേശീയ ശരാശരിയെക്കാൾ ഉയർന്ന കാൻസർ രോഗനിരക്കുള്ള സംസ്ഥാനത്ത് പ്രതിവർഷം അറുപതിനായിരത്തിൽപ്പരം പുതിയ രോഗികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. വർദ്ധിച്ചു വരുന്ന ഈ രോഗ ബാഹുല്യത്തിന് അനുസൃതമായി സർക്കാർ തലത്തിൽ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമായതിനാൽ സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലാ കാൻസർ കെയർ പദ്ധതി എന്ന പേരിൽ വകുപ്പിനു കീഴിലുള്ള ജില്ലാ-താലൂക്ക് ആശുപത്രികളിൽ കീമോ തെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ കാൻസർ സെന്ററിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെയും സർവ്വീസിൽ |

| | | | |
|---|---|---|---|
| | | | നിലവിലുള്ള കാൻസർ രോഗ വിദഗ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് 24 ജില്ലാ-താലൂക്ക് ആശുപത്രികളിൽ കാൻസറിനുള്ള തുടർ ചികിത്സ നൽകി വരുന്നുണ്ട്. എല്ലാ സാമ്പത്തിക വർഷവും കൂടുതൽ ആശുപത്രികൾ ഉൾപ്പെടുത്തിക്കൊണ്ട് ഈ സംവിധാനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ജനസംഖ്യാനുപാതികമായി കാൻസർ രോഗ ചികിത്സ അപര്യാപ്തമായ മേഖലകളിലെ താലൂക്കാശുപത്രികളിൽ കാൻസർ രോഗ നിർണ്ണയ നിയന്ത്രണ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചു വരുന്ന കാൻസർ കെയർ യൂണിറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | രോഗം കണ്ടെത്തുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/റസിഡന്റ്സ് അസോസിയേഷനുകൾ/മറ്റ് സംഘടനകൾ എന്നിവയുമായി ചേർന്ന് പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശം അറിയിക്കുമോ? | (സി) | കാൻസർ രോഗം കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തുന്നതിന് ആരോഗ്യ വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ട്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, ഓഫീസുകൾ എന്നിവയുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. വിവിധ സേവന സംഘടനകൾ, ക്ലബ്ബുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ അർബ്ബുദ ബോധവൽക്കരണ ക്ലാസ്സുകൾ, അർബ്ബുദ രോഗം നേരത്തെ നിർണ്ണയിക്കാനുള്ള ക്യാമ്പുകൾ (Early Cancer Detection Camp), ആരോഗ്യ പ്രദർശനങ്ങൾ എന്നിവ പൊതുജനങ്ങൾക്കായി മലബാർ കാൻസർ സെന്റർ നടത്തി വരുന്നുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ കാൻസർ രോഗ നിയന്ത്രണത്തിനായി സാമൂഹിക, സാംസ്കാരിക, സാന്ത്വന രംഗത്തെ മുപ്പത്തിയൊന്ന് കൂട്ടായ്മകളുടെ കൂട്ടായ്മയായ കേരള കാൻസർ കൺട്രോൾ കൺസോർഷ്യം മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിന്റെ രജിസ്ട്രേഷൻ ഡിസംബർ 2020 ന് പൂർത്തിയായി. സാമൂഹിക പങ്കാളിത്തത്തോടു കൂടിയുള്ള അർബ്ബുദ നിയന്ത്രണമാണ് ഡിസ്ട്രിക്ട് കാൻസർ കൺട്രോൾ കൺസോർഷ്യത്തിന്റെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ

| District | | Name of Hospital |
|---|---|---|
| Thiruvananthapuram | 1 | DH Nedumangadu |
| | 2 | GH Thiruvananthapuram |
| Kollam | 3 | District Hospital |
| | 4 | THQH, Punalur |
| Pathanamthitta | 5 | GH, Pathanamthitta |
| | 6 | DH Kozhenchery |
| Alappuzha | 7 | GH Alappuzha |
| | 8 | DH Mavelikkara |
| Kottayam | 9 | GH Pala |
| | 10 | DH Kottayam |
| Idukki | 11 | DH Thodupuzha |
| Ernakulam | 12 | GH Ernakulam |
| Thrissur | 13 | THQH Vadakkancheri |
| | 14 | GH Thrissur |
| Palakkad | 15 | DH Palakkad |
| | 16 | THQH Ottappalam |
| Malappuram | 17 | DH Tirur |
| | 18 | DH Perinthalmanna |
| | 19 | DH Nilambur |
| Kozhikode | 20 | Beach Hospital |
| Wayanad | 21 | Tribal Hospital, Nalloornadu |
| Kannur | 22 | DH Kannur |
| | 23 | GH Thalassery |
| Kasaragode | 24 | GH Kanhangad |